# കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ

## പൊതു അറിയിപ്പ്

കൊച്ചി പ്രത്യേക സാമ്പത്തിക മേഖലയ്ക്ക്, വൈദ്യുതി വിതരണത്തിനായുള്ള ലൈസൻസ് പരിധിയിൽ മറ്റു ലൈസൻസിയുടെ പരിധിയിൽപെടുന്ന ഉപഭോക്താക്കളടങ്ങിയ അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് കൂടി ഉൾപ്പെടുത്തുന്നതിനായുള്ള അപേക്ഷ സംബന്ധിച്ച് (അപേക്ഷ നം. 12/2010)

ഹർജിക്കാരൻ : ഡെവലപ്പ്മെൻറ് കമ്മീഷണർ, കൊച്ചി പ്രത്യേക സാമ്പത്തിക മേഖല, കാക്കനാട്.

കേന്ദ്ര വാണിജ്യ-വ്യവസായ മന്ത്രാലയത്തിനു കീഴിലുള്ള കൊച്ചി പ്രത്യേക സാമ്പത്തിക മേഖലയുടെ നിലവിലുള്ള വൈദ്യുത വിതരണ ലൈസൻസ് പരിധിയിൽ മറ്റു ലൈസൻസിയുടെ പരിധിയിൽപ്പെടുന്ന ഉപഭോക്താക്കളടങ്ങിയ, എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിലെ കാക്കനാട് വില്ലേജിലുള്ള (മുൻ തൃക്കാക്കര സൗത്ത് വില്ലേജ്) സെസ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസും കൂടി ഉൾപ്പെടുത്തുവാനുള്ള അപേക്ഷ കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുള്ളതാകുന്നു.

പ്രസ്തുത വസ്തുവിവരങ്ങൾ :

| ക്രമ നം | മേഖല | വില്ലേജ് /ബ്ലോക്ക് നം | സർവ്വേ നം | അതിരുകൾ | പ്രദേശത്തുള്ള മറ്റു ലൈസൻസികളുടെ ഉപഭോക്താക്കൾ | വില്ലേജ്/പഞ്ചായത്ത്/മുനിസിപ്പാലിറ്റി | താലൂക്ക്/ ജില്ല |
|---|---|---|---|---|---|---|---|
| 1 | കൊച്ചി പ്രത്യേക സാമ്പത്തിക മേഖല | തൃക്കാക്കര സൗത്ത് വില്ലേജ് / 197 റീസർവെ കാക്കനാട് വില്ലേജ് 458/2 | 4/39, 4/41, 4/42, 4/43, 4/44, 4/45, 4/46, 4/47 & 4/48 | പടിഞ്ഞാറ് - സീ പോർട്ട്-എയർ പോർട്ട് റോഡ്,<br>കിഴക്ക് - പഞ്ചായത്ത് റോഡ്,<br>വടക്ക് - പഞ്ചായത്ത് റോഡ് &<br>തെക്ക് - സ്വകാര്യ ഭൂമി, [റീസർവ്വെ നം. 411/53]. | CSEZ അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് | കാക്കനാട് വില്ലേജ് | കണയന്നൂർ താലൂക്ക്, എറണാകുളം ജില്ല |

ലൈസൻസിലേയ്ക്ക് ഉൾപ്പെടുത്താൻ ഉദ്ദേശിച്ചിരിയ്ക്കുന്ന സ്ഥലത്ത്, മുഴുവനായോ, ഭാഗികമായോ, ഏതെങ്കിലും പട്ടാളത്താവളം, എയർപോർട്ട്, സം രക്ഷിത കോട്ട, ആയുധശാല, കപ്പൽ നിർമ്മാണശാല, ക്യാമ്പ് അല്ലെങ്കിൽ കേന്ദ്രപ്രതിരോധ മന്ത്രാലയത്തിൻെറ ഉപയോഗത്തിനുള്ള കെട്ടിടം, വസ്തുവകകൾ എന്നിവയൊന്നുംതന്നെ ഉൾപ്പെട്ടിട്ടില്ല.

പ്രസ്തുത ആവശ്യത്തിനുള്ള അപേക്ഷ കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന് സമർപ്പിച്ചിട്ടുണ്ട്.

ആധികാരികമായി പുറപ്പെടുവിച്ചിരിക്കുന്ന "വൈദ്യുത വിതരണത്തിനായുള്ള ലൈസൻസ് പരിധിയിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് കൂടി ഉൾപ്പെടുത്തൽ" എന്ന ഹ്രസ്വശീർഷകത്തോടുകൂടിയ കരട് ലൈസൻസും, ലൈസൻസിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന മേഖല കാണിക്കുന്ന ഭൂപടവും, താഴെപ്പറയുന്ന വിലാസത്തിൽ ലഭ്യമാണ്.
"ഡെവലപ്പ്മെൻറ് കമ്മീഷണറുടെ കാര്യാലയം, കൊച്ചി പ്രത്യേക സാമ്പത്തിക മേഖല, കാക്കനാട്, കൊച്ചി - 682 037"

കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുള്ള പ്രസ്തുത അപേക്ഷയുമായി ബന്ധപ്പെട്ട് എന്തെങ്കിലും നിവേദനം, ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം, കമ്പനി അല്ലെങ്കിൽ വ്യക്തി ഇവർക്കാർക്കെങ്കിലും ഉണ്ടെങ്കിൽ അത് ഈ പരസ്യം പ്രസിദ്ധീകരിച്ച് 30 ദിവസത്തിനകം "സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, കെ. പി. എഫ്. സി. ഭവനം, സി.വി. രാമൻപിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം - 695 010" എന്ന വിലാസത്തിൽ കത്ത് മൂലം സമർപ്പിക്കാവുന്നതാണ്.

അപേക്ഷ സെസിൻെറ "www.csez.gov.in"-ൽ ലഭ്യമാണ്.

തീയതി
03.01.2011

(പരാതിക്കാരൻ)
ഡെവലപ്പ്മെൻറ് കമ്മീഷണർ,
കൊച്ചി പ്രത്യേക സാമ്പത്തിക മേഖല, കാക്കനാട്, കൊച്ചി - 37.